(ബി)&(സി) മൊത്തം 2174.43 ലക്ഷം രൂപ ഈ പദ്ധതിക്ക് വകയിരുത്തിയിരിക്കുന്നു. ഇതിൽ 1603.38 ലക്ഷം രൂപ കേന്ദ്ര വിഹിതവും 571.05 ലക്ഷം രൂപാ സംസ്ഥാന വിഹിതവുമാണ്.

(ഡി) 98-99-ൽ 17,16,62,810/- രൂപ ചെലവഴിച്ചു.

(ഇ) 21470 പേർക്ക് പുതിയതായി പെൻഷൻ അനുവദിച്ചു.

46 (548) ശിശുക്ഷേമ സമിതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ ശിശുക്ഷേമ സമിതിയിൽ ആകെ എത്ര പേരുണ്ട്;

(ബി) സമിതി ഭാരവാഹികളുടെ വിവിധ ഇനത്തിലുള്ള വേതനം എത്രയാണ് ഇതുവരെ ഇവർ ഓരോരുത്തരും എന്തു തുക യാത്രപ്പടി ഇനത്തിൽ വാങ്ങിയിട്ടുണ്ട്;

(സി) എത്ര ഭാരവാഹികൾക്ക് ടെലഫോൺ നൽകിയിട്ടുണ്ട്; അവർക്കായി ഇതുവരെ എന്തു തുക ടെലിഫോൺ വാടകയിനത്തിൽ ചെലവായിട്ടുണ്ട്;

(ഡി) തെരുവുശിശുക്കളെ പുനരധിവസിപ്പിക്കാനുള്ള എന്തൊക്കെ നടപടികൾ സമിതി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശിശുക്ഷേമ സമിതിയിൽ ഇപ്പോൾ 324 അംഗങ്ങൾ ഉണ്ട്.

(ബി) സമിതി ഭാരവാഹികൾക്ക് വേതനം ഇല്ല. യാത്രാപ്പടിയും നിശ്ചയിച്ചിട്ടില്ല. യാത്രയ്ക്കുള്ള യാഥാർത്ഥ ചെലവുകൾ മാത്രമേ സമിതിയിൽ നിന്നും നൽകുന്നുള്ളു.

(സി) ജനറൽ സെക്രട്ടറിക്ക് മാത്രം ആഫീസ് ഫോൺ നൽകിയിട്ടുണ്ട്. ഭാരവാഹികൾക്ക് ടെലഫോൺ അനുവദിച്ചിട്ടില്ല. അതിനാൽ ഈ ഇനത്തിൽ പ്രത്യേക ചെലവ് ഉണ്ടായിട്ടില്ല.

(ഡി) തെരുവു ശിശുക്കളെയും അനാഥകുട്ടികളെയും പുനരധിവസിപ്പിക്കുന്നതിനായി ഡെസ്റ്റിറ്റ്യൂട്ട് ചിൽഡ്രൻസ് വില്ലേജുകൾ സ്ഥാപിക്കാൻ പ്രോജക്ട് റിപ്പോർട്ട് തയ്യാറായി വരുന്നു.

47 (549) പണിയെടുത്തു ജീവിക്കുന്ന കുട്ടികൾക്കുവേണ്ടി ഹോസ്റ്റൽ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലും പട്ടണങ്ങളിലും പണിയെടുത്തു ജീവിക്കുന്ന കുട്ടികൾക്കുവേണ്ടി ഹോസ്റ്റൽ നിർമ്മിക്കാനും അവർക്ക് ഔപചാരിക വിദ്യാഭ്യാസം നൽകാനുമുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) തിരുവനന്തപുരത്ത് ഇപ്രകാരം എത്ര കുട്ടികൾ പണയെടുത്തു ജീവിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എല്ലാ നഗരങ്ങളിലും പട്ടണങ്ങളിലും ഇതിനെ സംബന്ധിച്ച് ഒരു സർവ്വേ നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അപകടകരമല്ലാത്ത തൊഴിലുകളിൽ പ്രത്യേകിച്ച് ഹോട്ടലുകളിൽ പണിയെടുക്കുന്ന കുട്ടികൾക്ക് അനൗപചാരിക വിദ്യാഭ്യാസം നൽകുന്നതിനുള്ള ഒരു പഠനപദ്ധതി സർക്കാർ ആവിഷ്കരിച്ച് വിദ്യാഭ്യാസവകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. അപകടകരവും അല്ലാത്തതുമായ എല്ലാ തൊഴിൽ മേഖലകളിൽ നിന്നും ബാലവേല സമ്പൂർണ്ണമായി ഒഴിവാക്കാവുന്ന നടപടികളും ഇതോടൊപ്പം കൈക്കൊണ്ടുവരുന്നുണ്ട്. അപകടകരമായ തൊഴിലുകളിൽ കുട്ടികൾ പണിയെടുക്കുന്നതായി കണ്ടെത്തുന്ന അവസരത്തിൽ അവരെ പ്രസ്തുത തൊഴിലുകളിൽ നിന്നും ഒഴിവാക്കി അവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഓരോ ജില്ലയിലും അതാത് ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ 'ചൈൽഡ് ലേബർ വെൽഫെയർ കം റിഹാബിലിറ്റേഷൻ സൊസൈറ്റികൾ' രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തൊഴിൽ വകുപ്പാണ് ആ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് പണിയെടുത്തു ജീവിക്കുന്ന കുട്ടികളുടെ എണ്ണം വളരെ കുറവായതു കൊണ്ടു ബാലവേല പൂർണ്ണമായി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാലും അവർക്കു വേണ്ടി ഹോസ്റ്റൽ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) 1997 മേയ്മാസം സംസ്ഥാനവ്യാപകമായി നടത്തിയ സർവ്വേ പ്രകാരം തിരുവനന്തപുരത്ത് അപകടകരമായ തൊഴിലുകളിൽ 129-ഉം അപകടകരമല്ലാത്ത തൊഴിലുകളിൽ 1762-ഉം ഉൾപ്പെടെ മൊത്തം 1891 കുട്ടികൾ പണിയെടുക്കുന്നതായി കണക്കാക്കിയിരിക്കുന്നു. അവരിൽ ബഹുഭൂരിപക്ഷവും അയൽ സംസ്ഥാനങ്ങളിലുള്ളവരാണ്. സർവ്വേയെ തുടർന്ന് 1986-ലെ ചൈൽഡ് ലേബർ (റീഹാബിലിറ്റേഷൻ ആന്റ് റഗുലേഷൻ) നിയമം സംസ്ഥാനത്ത് കർശനമായി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികളുടെ ഫലമായി ഇപ്രകാരമുണ്ടായിരുന്ന കുടിയേറ്റ ബാലതൊഴിലാളികളിൽ ഏറിയ പങ്കും സംസ്ഥാനം വിട്ടു പോയതായി മനസ്സിലാക്കാൻ കഴിഞ്ഞു.

(സി) സംസ്ഥാനത്ത് എല്ലാ തൊഴിൽ മേഖലകളിലും സമ്പൂർണ്ണമായി ബാലതൊഴിൽ അവസാനിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ഇത്തരത്തിലുള്ള ഒരു സർവ്വേ നടത്തേണ്ടതുണ്ടെന്നു ബോധ്യപ്പെട്ടാൽ ഇക്കാര്യം പരിഗണിക്കുന്നതാണ്.

48 (550) വയനാട് ജില്ലയിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിയമനം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ പോസ്റ്റിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ബി) വയനാട് ജില്ലയിൽ പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി പരീക്ഷ നടത്തിയിരുന്നുവോ; എങ്കിൽ ലിസ്റ്റ് നിലവിലുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly